**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, ഫയൽ ചെയ്ത OA-136/2018-ലെ CP(C) No.56/2018 നമ്പർ കേസിന്റെയും ശ്രീമതി ഉമാ ശങ്കർ ഫയൽ ചെയ്ത OA (EKM) 816/2018 നമ്പർ കേസിന്റെയും 02.04.2018-ലെ ഉത്തരവുകൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1166/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 24.04.2018.**

പരാമർശം: 1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-136/2018-മേലുള്ള 28.02.2018-ലെ അന്തിമ ഉത്തരവ്.

2) ഗ്രാമവികസന കമ്മീഷണറുടെ 08.03.2018 തീയതിയിലെ സിആർഡി/1878/എസ്റ്റാ.സി3/2017 നമ്പർ നടപടിക്രമം.

3) ഗ്രാമവികസന കമ്മീഷണറുടെ 22.03.2018 തീയതിയിലെ സിആർഡി/1878/എസ്റ്റാ.സി3/2017 നമ്പർ നടപടിക്രമം.

4) സ.ഉ.(സാധാ)നം.997/2018/തസ്വഭവ തീയതി, 09.04.2018.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-136/2018-ലെ CP(C) No.56/2018-ലെയും OA (EKM) 816/2018-ലെയും 02.04.2018-ലെ അന്തിമ ഉത്തരവ്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പ്രേംസുജിത്ത് എം.ആർ.-നെ 2017-ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി തോടന്നൂർ ബ്ലോക്കിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥലം മാറ്റിയിരുന്നു. ഇതിന്മേൽ ശ്രീ.പ്രേംസുജിത്ത് എം.ആർ. പരാമർശം (1) പ്രകാരം ഫയൽ ചെയ്ത ഒ.എ-യിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവ് നൽകിയിരുന്നു.

"There will be a direction to the 1st respondent to consider Annexure A9 representation submitted by the applicant and pass orders thereon expeditiously, and before filling up the vacancies that would arise in Thiruvananthapuram district as indicated by the applicant."

മലപ്പുറം ബ്ലോക്കിലെ ഹെഡ് ക്ലാർക്ക് ശ്രീമതി ഉമാ ശങ്കറിന് അനുവദിച്ച ഒരു വർഷത്തെ ശൂന്യവേതനാവധി റദ്ദ് ചെയ്ത് ജോലിയിൽ പ്രവേശിക്കുന്നതിനായി 15.02.2018-ൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് വർക്കല ബ്ലോക്കിൽ നിയമനം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഇതിനെതിരെ ശ്രീ.പ്രേംസുജിത്ത് കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഉമാ ശങ്കറിന് വർക്കല ബ്ലോക്കിൽ നിയമനം നല്കിക്കൊണ്ടുള്ള ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

01.02.2018-ന് ഒഴിവ് വന്ന വർക്കല ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നൽകുവാൻ അപേക്ഷകന് അർഹത ഉണ്ടോ എന്ന് 25.02.2017-ലെ സ.ഉ.(പി) നം.3/2017/ഉഭപവ-യിലെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുവാൻ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 28.02.2018-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിയിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി ഉമാ ശങ്കർ ഒ.എ.നം.816/2018 കേസ് ഫയൽ ചെയ്തു. പരാമർശം (5) ഉത്തരവ് പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ താഴെപ്പറയും പ്രകാരം ഉത്തരവ് നൽകിയിരുന്നു.

"All these are matters for the Government to take a decision after considering the claim of both for a posting in existing vacancies in Thiruvananthapuram district. Therefore, in tune with the directions in OA No.136 of 2018, while passing orders, the request made by the applicant in OA (EKM) No.816 of 2018 for a convenient posting in Thiruvananthapuram district also will be considered."

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും തിരുവനന്തപുരം ജില്ലയിൽ നിലവിൽ വർക്കല, നെടുമങ്ങാട് എന്നീ ബ്ലോക്കുകളിൽ രണ്ട് ഒഴിവുകൾ ഉള്ളതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് അപേക്ഷകരുടെ യോഗ്യത പരിശോധിച്ച് നിയമനം നൽകുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5)-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.അജിത്ത് കുമാർ**
**സെക്രട്ടറി**

ശ്രീമതി ഉമാ ശങ്കർ വി., കൈപ്പള്ളി ഹൗസ്, THARA-212, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം - 695 035.
ശ്രീ.പ്രേംസുജിത്ത് എം.ആർ., ഹെഡ് അക്കൗണ്ടന്റ്, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ